# Re-birth  of a person

## *(ഒരുവന്റെ വീണ്ടുംജനനം - ലൂക്കോ: 1:35)*




വിശുദ്ധപ്രജയുടെ ഉത്ഭവം എങ്ങനെ സംഭവിക്കമെന്ന്, വിശുദ്ധപ്രജയെ വഹിക്കേണ്ടവളും, ദൈവസന്നിധിയിൽ നീതിയുള്ളവളും കർത്താവിന്റെ മുൻപാകെ കുറ്റമറ്റവളുമായ സ്ത്രീയുടെ ചോദ്യത്തിന് ദൂതൻ നൽകിയ മറുപടിയിൽ വ്യക്തമാക്കുന്നു. Read-ലൂക്കോ:1:35 അവൻ വിശുദ്ധപ്രജ ആയതിനാലാണ് ദൈവപുത്രൻ എന്ന് വിളിച്ചത്.

മനുഷ്യർ ദൈവമക്കളാകണമെങ്കിൽ ഒരു വീണ്ടുംജനനം അവർക്കും ആവശ്യമാണ്. അതായത് പുത്രത്വം ലഭിക്കുവാനുള്ള ഉപാധിയാണ് വീണ്ടും ജനനം. വിശുദ്ധജനനം പ്രാപിക്കേണ്ടത് എങ്ങനെ ? Read യോഹ:(1:12). (1)അവനെ കൈക്കൊള്ളണം (2) അവന്റെ നാമത്തിൽ വിശ്വസിക്കണം ഈ രണ്ട് പ്രക്രീയകളും സ്വീകരിക്കുന്ന ഒരു വ്യക്തിയ്ക്ക് ശക്തമുള്ള ആ നാമത്തിന്റെ മഹത്വം അനുഭവിപ്പാൻ അനുസരണം എന്ന ഗുണം ഉണ്ടാകണം. അപ്പോൾ അവന്റെ നിറവിൽ നിന്ന് നമുക്ക് കൃപമേൽ കൃപ ലഭിക്കുന്നു. വീണ്ടും ജനനത്താൽ പുതുമനുഷ്യൻ ആകുവാൻ പഴയമനുഷ്യനെ ആദ്യം ഉപേക്ഷിക്കുക. സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട് പുതുമനുഷ്യനെ ധരിക്കണം. Read എഫേ:(4:21-24) വീണ്ടും ജനനം ഒരു പുനരുത്ഥാന പ്രക്രീയ ആണ്. അതിനായി വചനം നമ്മെ സഹായിക്കുന്നു. Look (1 പത്രോ:1:23)നന്മ പ്രവർത്തിപ്പാനും അനേകരെ നന്മയിലേക്ക് നയിക്കുവാനും വചനം നമ്മെ സഹായിക്കുന്നു.

ഒരു സംഭവകഥ വായിച്ചിട്ടുള്ളത് രേഖപ്പെടുത്തട്ടെ. ക്രിസ്തീയ സഭ ഉടലെടുത്ത് വളരുന്നതു കണ്ട് അസൂയാലുക്കളായ ഭരണകർത്താക്കൾ ക്രിസ്ത്യാനയുടെ പേർ കേട്ടാൽപോലും അപ്പോൾതന്നെ നശിപ്പിച്ചിരുന്നു. അന്നത്തെ ചക്രവർത്തി അതിനുള്ള അനുവാദവും അവർക്ക്

നൽകിയിരുന്നു. ആയിരക്കണക്കിന് ക്രിസ്ത്യാനികളെ സൈന്യം കൊന്ന് മുടിച്ചു. ഇതിന് നേതൃത്വം നൽകിയത് ചക്രവർത്തിയുടെ പ്രീയങ്കരനായ ക്യാപ്ടൻ ആയിരുന്നു. ഒരു ദിവസം രാവിലെ ക്യാപ്ടൻ റോസാപ്പൂവുമായി തന്റെ വീട്ടിലേക്കുവരുന്ന ഒരു പെൺകുട്ടിയെ കണ്ടു. പന്ത്രണ്ടു വയസ്സ് ഏകദേശമുള്ള ആ കുഞ്ഞിനോട് കാര്യം തിരക്കുവാൻ എത്തിയ അദ്ദേഹത്തെ കണ്ടപ്പോൾ ആ പൂവ് ഏല്പിച്ചശേഷം അത് അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് നൽകേണമേ എന്നപേക്ഷിച്ചു. എന്താണ് കാരണം എന്ന് ക്യാപ്ടൻ തിരക്കിയപ്പോൾ അവൾ പറഞ്ഞു "സാർ എല്ലാ പിറന്നാൾ ദിവസവും അമ്മയ്ക്ക് ഞാൻ ഒരു റോസാപ്പൂവ് സമ്മാനിക്കാറുണ്ട്. അമ്മയുടെ പിറന്നാൾ ഇന്നാണ്.പക്ഷേ ദൈവവചനം രൂപാന്തരം വരുത്തിയ എന്റെ അമ്മയെ അങ്ങ് ക്രൂരമായി കൊന്നു. ഇന്ന് അമ്മയില്ലെങ്കിലും അമ്മ പറഞ്ഞിരുന്നു ശത്രുക്കളെ സ്നേഹിക്കണമെന്ന്. ആ പാഠം പഠിച്ചതിനാലാണ് ഇന്ന് ഈ പുഷ്പം അങ്ങയുടെ ഭാര്യയ്ക്ക് നൽകണമേ എന്ന് യാചിച്ചത്." പെൺകുട്ടിയുടെ വാക്കുകൾ അദ്ദേഹത്തിന്റെ ഹൃദയത്തിലേക്ക് കുത്തിക്കയറി. ആ ശക്തിയുള്ള വാക്കുകൾ ,പ്രവർത്തി ഇവ തന്നിൽ രൂപാന്തരം വരുത്തിയത് ക്യാപ്ടൻ മനസ്സിലാക്കി. പശ്ചാത്താപത്തോടെ കൈകൾകൂപ്പി, നടന്നുപോയ കുട്ടിയെ വിളിച്ചു "മകളേ ഇന്നു മുതൽഅമ്മയില്ല എന്നു വിചാരിക്കരുത്, എന്റെ ഭാര്യ മോളുടേയും അമ്മയാണ്. നമുക്ക് ഒന്നിച്ച് ക്രിസ്തുവിനായി ജീവിക്കാം, പ്രവർത്തിക്കാം." അതേ വീണ്ടും ജനിക്കുവാൻ സഹായിച്ച ദൈവവചനം തിന്മയ്ക്കു പകരം നന്മ ചെയ്യുവാനും അയാളെ പ്രേരിപ്പിച്ചു.

## *<u>വീണ്ടും ജനിക്കുന്നവന് ലഭ്യമാകുന്ന അവകാശങ്ങൾ</u>*

1. ***<u>അവർ ദിവ്യ സ്വഭാവത്തിന് കൂട്ടാളികളാകുന്നു.</u>***

വെളിച്ചമാകുന്ന ക്രിസ്തുവിനോട് ചേർന്നു നടന്നാൽ നമ്മിലെ ഇരുട്ട് പൂർണ്ണമായി മാറിപോകുന്നു.കൂടാതെ പിതാവിനോടും അവന്റെ പുത്രനോടുമുള്ള കൂട്ടായ്മ നമ്മിലെ ഭയം മാറ്റുന്നു. ക്രിസ്തുവിൽ നമ്മുടെ സന്തോഷം പൂർണ്ണമാകുകയും ചെയ്യുന്നു.

2. സ്വർഗ്ഗീയ പൗരത്വത്തിന് ഈ പുതുജനനം നമ്മെ സഹായിക്കുന്നു. Read- ഫിലി:(3:20)

3. പുതുജനനം നമ്മെ സകലസ്വർഗ്ഗീയ അനുഗ്രഹങ്ങൾക്കും പാത്രീഭൂതരാകുന്നു.

Read - എഫേ(1:3)

പരിശുദ്ധാത്മ മുദ്രയുടെ ലക്ഷണമാണിത്. നാം പുതുജനത്താൽ ദൈവമക്കളാകുമ്പോൾ അവകാശികളുമാ ണ്. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളുമത്രെ.

4. വീണ്ടും ജനിച്ചവർക്ക് അനുദിനം വളർച്ചയുണ്ടാകുന്നു. ദൈവവചനം ആണ് നമ്മെ വളരുവാൻ സഹായിക്കുന്നത് 1 പത്രോ:(2:2). കൂടാതെ രണ്ടാം മരണം അവർക്കുണ്ടായിരിക്കയില്ല. വെളി:(20:6)

ദൈവപുത്രന്റെ ജനനാഘോഷം എന്ന് പറഞ്ഞ് ദൈവവിരോധം പ്രവർത്തിക്കുന്നവരേ ! ദൈവപൈതൽ എന്ന നാമധേയം അലക്ഷ്യമാക്കികളയാതെ കൃപയാൽ ലഭിച്ച വീണ്ടും ജനനാനു

ഭവം കാത്തുസൂക്ഷിക്കുക. വീണ്ടും ജനിക്കാത്തവർ പുതുതായിത്തീരുവാൻ രക്ഷകന്റെ അടുക്കൽ എത്തുക. സമയം ദീർഘിപ്പിക്കരുത്. ദൈവകൃപ നിങ്ങളോടുകൂടെ ഇരിക്കട്ടെ. പുതുവർഷം പുതുക്കത്തോടെ ആരംഭിക്കുവാൻ ദൈവം സഹായിക്കട്ടെ.


*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg